# മറ നീക്കിയ വാക്കുകൾ

(പുതു മലയാള കവിതയിലെ ദലിത് ഭാഷാവിമോചനങ്ങൾ)

അനു പി.പി.

പടിക്കുപുറത്തു നിർത്തിയിരുന്ന ഒരു ഭാഷയും അനുഭവങ്ങളും കൂട്ടത്തോടെ പടികടന്നെത്തിയത് ചിലതൊക്കെ അട്ടിമറിയ്ക്കാനാണ്. ചിലതിന്റെയൊക്കെ ഭ്രഷ്ട് തീർക്കാനാണ്. അതുണ്ടാക്കിയ അനുഭവഭാഷാതലത്തിന് ഒരുഗ്രസ്ഫോടനശേഷിയുണ്ട്. നൂറ്റാണ്ടുകളായി മർദ്ദിച്ചുവച്ചത് പുറത്തുവന്നതിന്റെ തന്റേടം.

ചെവി കേൾക്കാത്തതുകൊണ്ടാണ്
മടയിൽ പണിതുകൊണ്ടിരുന്ന
എന്റെ കൂടപ്പിറപ്പ് പാറവീണു മരിച്ചത്.
വിരലുകൊണ്ട് വായുവിലെഴുതുന്ന വാക്ക്,
മേലുപൊള്ളിക്കുന്ന ഒച്ചയില്ലാത്ത ഒരടി
അവനെ രക്ഷിക്കുമായിരുന്നു.
(വാക്കുകൾ, മീൻകാരൻ, എസ്. ജോസഫ്)

ആ കവിതയുടെ പ്രഹരം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ശബ്ദമില്ലാത്ത ആ പ്രഹരത്തിന്റെ ആഴത്തിൽ വരേണ്യകവിതാ സാംസ്കാരിക ജീർണതകൾ ഒലിച്ചുപോകുന്നു. മരണം കവരാത്ത കവിതയുണ്ടാകുന്നു. ഉപരിതല സാസ്കാരിക ബോധങ്ങളിൽ 'പുറത്തു നിന്നവന്റെ' അനുഭവങ്ങൾ വായനയുടെ നേരംപോക്കായിരുന്നു. ആധുനികതയുടെ കവിത നവീകരിക്കപ്പെട്ട കാലത്തൊക്കെ ദലിതന്റെ അനുഭവങ്ങൾ മുഖ്യധാര കാര്യമായി കണ്ടില്ല. അതിനുമുമ്പ്, പൊയ്കയിൽ അപ്പച്ചനുൾപ്പെടെയുള്ളവർ ജീവിച്ചിരുന്ന കാലത്തെ കവിതയിൽ ദലിതവസ്ഥകൾ കാവ്യപരിധിയിൽ

പെടുത്തിയിരുന്നില്ല. പിന്നീട് ശബ്ദായമാനമായ അറുപതുകളിലും എഴുപതുകളിലും കറുത്ത കവിത വിവർത്തനം ചെയ്ത് മലയാളി കറുത്തവന്റെ അനുഭവബോധത്തെ നേരിട്ടു–വെളുത്തവനായിത്തന്നെ നിലനിന്ന്.

പിന്നീടേറെ അനുഭവകാലങ്ങൾ ചവിട്ടിനടക്കേിവന്നു, ഭാഷയിൽ തിരസ്കൃതരുടെ എഴുത്തു മുന്നേറ്റമുണ്ടാവാൻ. മുഖ്യധാര എന്നൊന്നില്ലെന്നും അതൊരു ധാരണ മാത്രമാണെന്ന തിരിച്ചറിവിന്റെ കാലത്ത് പ്രഹരമേറ്റവന്റെ അനുഭവങ്ങൾ നമുക്കിടയിലേക്കു വന്നു, ഒറ്റതിരിഞ്ഞും കൂട്ടത്തോടെയും. പ്രതിരോധത്തിന്റെ ആ അനുഭവപാഠങ്ങളെ എസ്. ജോസഫിന്റെയും എം.ബി. മനോജിന്റെയും ചില കവിതകളെ മുൻനിർത്തി അടയാളപ്പെടുത്താനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. ദലിതനുഭവത്തിന്റെ തുടർച്ചകളിലെ സമകാലികരാവുന്നതോടൊപ്പം രണ്ടുപേരും നിർവഹിച്ച അനുഭവപ്രകമ്പനം, ഭാഷാപരമായ പ്രതിരോധം–എന്നിവ മുഖവിലയ്ക്കെടുത്താണ് പരിശോധിക്കുന്നത്.

ആധുനികതയുടെ ചുവന്ന വാൽ, സ്വപ്നം കവർ ദലിതന്റെ സ്വത്വപ്രതിസന്ധികളെ അഭിമുഖീകരിച്ചിരുന്നില്ല. മുഖ്യധാരയിൽ ദലിതനെ കണ്ണിചേർക്കണമെന്ന് വാദിച്ചപ്പോഴും മാനസികാടിമത്വം അവനിൽ നിരന്തരം അടിച്ചേല്പിച്ചുകൊണ്ടിരുന്നു. പദ്ധതികളും സംസ്കാരവും ഭാഷയും രാഷ്ട്രീയവും അവർ നിശ്ചയിച്ചു നല്കിക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ദലിതവസ്ഥ.

ഒരു പന്നിയും ഞാനും തമ്മിലുള്ള വ്യത്യാസം
ഉടുപ്പിടുന്നു എന്നുള്ളത മാത്രമാണ്
മുതുകുകൊണ്ട് മുന്നോട്ട് വളഞ്ഞ്
കീഴോട്ടുമാത്രം നോക്കി
വേലിക്കകത്തു തന്നെ കിടന്ന്
കിട്ടുന്നതെല്ലാം വെട്ടി വിഴുങ്ങുന്ന

(പന്നിപ്പാട്ട്, കൂട്ടാന്തതയുടെ എഴുപതുവർഷങ്ങൾ, എം.ബി. മനോജ്)

വീടെവിടെയെന്നാരേലും ചോദിച്ചാൽ
ഞാൻ തെറ്റിച്ചു പറയും
നാണം പുറത്തു കാട്ടാതെ
വിക്കാതെ
ഒരാൾക്ക് സ്വന്തം വീടിനോടും
വെറുപ്പു തോന്നുമെന്ന്
പ്രത്യേകിച്ചാരും
പഠിപ്പിച്ചിട്ടൊന്നുമില്ല

(കൂട്ടാന്തതയുടെ എഴുപത് വർഷങ്ങൾ, എം.ബി. മനോജ്)

ദലിതന് പന്നിയെപ്പോലെ പൊതുധാരയെ നേരിടേണ്ടിവന്നത് ക്രൂദ്ധമായ പുരോഗമനകാലത്തിനുശേഷം വന്ന വികസനത്തിന്റെ കാലത്താണ്. അതുകൊണ്ടുതന്നെയാണ് പൊതുധാരയുടെ വികസനസങ്കല്പനങ്ങൾ ശരിയായിരുന്നോ എന്ന ചോദ്യം ഉയരുന്നത്. സ്വന്തം അനുഭവങ്ങൾ കൂടിയാണ് ചരിത്രമെന്ന് പ്രഖ്യാപിക്കുന്നതിനുള്ള ഉറപ്പ് നേടിയെടുത്തവരാണ് ഇന്ന് നിങ്ങളോട് കലഹിക്കുന്നത്. ഞങ്ങളുടെ വികസനം നിങ്ങൾ തീരുമാനിച്ച് തരേണ്ടതില്ലെന്ന് പറയുന്നത്. നിങ്ങളുടെ ഭാഷയ്ക്കുള്ളിലും അനുഭവത്തിനുള്ളിലുമല്ല ഞങ്ങളുടേതെന്ന് വാദിക്കുന്നത്. അതിനു സമാന്തരമായി അതിനേക്കാൾ പെരുമ അവകാശപ്പെടുന്നതാണ് ദലിതനുഭവങ്ങളെന്നും നിങ്ങൾ ഞങ്ങളിൽ പതിറ്റാണ്ടുകളായി തുടരുന്ന എല്ലാവിധ അധിനിവേശങ്ങളെയും ഞങ്ങൾ ചെറുക്കുമെന്നും കവിത ആയുധംതന്നെയെന്നും മനോജും ജോസഫും പറയുമ്പോൾ അത് നേരംപോക്കുമല്ല.

സാംസ്കാരിക നവോത്ഥാനം സൃഷ്ടിച്ച പുകമറകൾ

ചാതുർ വർണ്യത്തിന്റെ വേരുകൾ നവോത്ഥാന കാലത്തോടെ അറ്റുപോയെന്നും ഇടതുപക്ഷ മുന്നേറ്റങ്ങളുടെ തിരയിളക്കത്തിൽ ജാതി വ്യവസ്ഥ ഉന്മൂലനം ചെയ്യപ്പെട്ടെന്നും മുഖ്യധാരാ ചരിത്രനിർമ്മാതാക്കൾ അവകാശപ്പെടുന്നുണ്ട്. എന്നാൽ ഭരണഘടനാപരമായ ഉറപ്പിനപ്പുറം ദലിതവസ്ഥയ്ക്ക് കാര്യമായി മാറ്റംവന്നിട്ടില്ലെന്ന് സമൂഹത്തിലേക്കു കണ്ണുതുറന്നു വച്ചിരിക്കുന്നവർക്ക് കാണാം. ഉപരിതല സ്പർശിയായ ചില വ്യത്യസ്താനുഭവങ്ങളെ മറക്കുന്നില്ല. അതു മുൻനിർത്തിയ ദലിത് വിമോചനം സാധ്യമാക്കിയെന്ന പരസ്യവാചകത്തിലും കണ്ണുനിർത്തുന്നില്ല. അതിനും പുറത്ത്

ഉടുപ്പും ഉടുമുണ്ടും ചെരുപ്പും
മാറിമാറി പരീക്ഷിച്ച്
കൃപാലിക്കുന്നുണ്ട്.
വിയർക്കാതെ നോക്കുന്നു
വാക്കുകൾ പുതുക്കുന്നു
എഴുതുന്നു, വായിക്കുന്നു
എന്തെങ്കിലുമൊക്കെ പറയാൻ ശ്രമിക്കുന്നു
എന്നിട്ടും
എന്തോ
പലപ്പോഴും
പരീക്ഷാ സെക്ഷന്റെ
പടവുകൾക്ക് താഴെ
ഒറ്റയ്ക്ക്
എനിക്കിരിക്കേണ്ടി വന്നിട്ട്.

(യൂണിവേഴ്സിറ്റി ഒരു പാഠം, എം.ബി. മനോജ്)

ഈ ജീവിതാനുഭവങ്ങളാണ് മുഖ്യധാരയുടെ വരേണ്യ കാവ്യ നിർമ്മിതികൾക്ക് , നീതിക്ക് മുന്നിലേക്ക് ഇവർ ചേർത്തു നിർത്തുന്നത്. ഇവിടെ എഴുതുന്ന ചരിത്രത്തെ നോക്കി അവർ പറയുന്നതും ദലിത് കവിത പറയുന്നതും ഇങ്ങനെയാണ്.

എന്റെ കവിതകൾക്ക് എന്തോ ഒരു കുറവുണ്ടെന്ന്
ഒരാൾ പറഞ്ഞു
ഒരു വലിയ മറുകിന്റെ കുഴപ്പമല്ലേ..
ഞാനും ചോദിച്ചു..
(മറുക്, എസ്. ജോസഫ് )

ദലിതന്റെ സാമൂഹിക ഇടങ്ങളിൽ നിന്നും മുഖം തിരിച്ചവരിലേക്കാണ് ആ ലോകം പുതുകവികൾ തുറന്നിട്ടത്. അത് ആത്മ പ്രകാശനത്തിന്റേതായിരുന്നു, സ്വത്വ വിളംബരത്തിന്റേതായിരുന്നു. അവിടെക്ക കാഴ്ചകൾ അതുവരെയുള്ള കവിതയുടെ ഇതിവൃത്തത്തിനു പുറത്തുള്ളതായിരുന്നു..

പെങ്ങളുടെ ബൈബിളിലുള്ളവ
കുത്തുവിട്ട റേഷൻ കാർഡ്
കടംവായ്പയ്ക്കുള്ള അപേക്ഷാ ഫോറം
ബ്ലേഡുകാരുടെ കാർഡ്
ആറാട്ടിന്റേയും പെരുന്നാളിന്റേയും നോട്ടീസുകൾ
ആങ്ങളയുടെ കുട്ടിയുടെ ഫോട്ടോ
കുട്ടിത്തൊപ്പി തയ്ക്കുന്ന വിധം കുറിച്ച കടലാസ്
ഒരു നൂറു രൂപ നോട്ട്

പെങ്ങളുടെ ബൈബിളിലില്ലാത്തവ
ആമുഖം
പഴയ നിയമം, പുതിയ നിയമം,
ഭൂപടങ്ങൾ
ചുവന്ന പുറംചട്ട
(പെങ്ങളുടെ ബൈബിൾ, എസ്. ജോസഫ്)

താൻതന്നെയാണ് ചരിത്രമെന്ന ബോധ്യം, ഇപ്പോഴത്തെ ചരിത്രത്തിലുള്ള തന്റെ ഇടത്തെക്കുറിച്ചുള്ള ധാരണ, ഇതെല്ലാം ജോസഫ് അടയാളപ്പെടുത്തുന്നുണ്ട്, ചരിത്രനിർമിതിയിൽ വിട്ടുപോയതാണ് തന്റെ ചരിത്രമെന്നും കവിയ്ക്കറിയാം. ചരിത്രത്തെ സ്വയം നിർമ്മിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നത് പ്രതിരോധമെന്ന തിരിച്ചറിവിലാണ് ദലിത് കവിതയെ അടയാളപ്പെടുത്തേണ്ടത്.

തലനിറയ എണ്ണതേച്ച്
സ്റ്റൈപന്റ് വാങ്ങാനെത്തുന്ന തന്തമാരെ
സ്ലൈഡുകൾ കുത്തിപ്പിന്നി
നീ ക്യൂവിലേക്ക് തിങ്ങുന്ന തള്ളമാരെ
വിരലൊപ്പിടുവിച്ച്
കാശു നീട്ടിക്കൊണ്ട്
യൂണിഫോമുണ്ടാണ്ടേടാ
ബുക്കുണ്ടോടീ
പൊത്തകം മേടിച്ചോടാ
വർഷാവർഷം കേട്ടുകേട്ട്
ചായയും പൊറോട്ടയും മേടിച്ചു തരുന്നത്.
തിരികെവന്ന്
ക്ലാസ് മുറിയിലെ കണ്ണുകളുടെ
ഇടയിലേക്ക്
തിരുകിക്കയറുന്നത്..

(മറക്കുന്നില്ലല്ലൊ സെന്റ് തോമസ് ഹൈസ്കൂളിനെ, എം.ബി. മനോജ്)

ചരിത്രത്തിന്റെ മറവികളെ അടയാളപ്പെടുത്തുന്നതാണ് ദലിതാനുഭവങ്ങളോരോന്നും. അനുഭവങ്ങളിവിടെ പകർത്തുകയല്ല, പകരം വെയ്ക്കുകയാണ്. കാറ്റിന് തീപിടിപ്പിച്ച് എരിയിക്കുകയാണ്. മുഖ്യധാരയുടെ തിരസ്കാരങ്ങളും മറവികളും അവിടെ വെന്തുപോകും.

## ഭാഷകൊണ്ട് തീർത്ത കളങ്ങൾ

പ്രതിരോധം അനുഭവങ്ങളുടെ പക്ഷത്തുനിന്നതുകൊണ്ടുമാത്രം തീരുന്നില്ല. സ്വത്വവിനിമയത്തിന്റെ ആവിഷ്കാരസാധ്യതകളിൽ ഭാഷയ്ക്ക് വലിയ പങ്കാണുള്ളത്. വരേണ്യമലയാളവും, പ്രാദേശിക മുഖ്യധാരാ മലയാളങ്ങളും അച്ചടി മലയാളങ്ങളും എന്നുവേണ്ട അധികാരത്തിന്റെ എല്ലാ ഭാഷാ വ്യവഹാരങ്ങളും കാലങ്ങളായി ദലിത് ഭാഷയെ അടിച്ചമർത്തിക്കൊണ്ടിരിക്കുകയായിരുന്നു. പരപ്രേരണയാൽ അന്യന്റെ അസ്തിത്വത്തിൽ ജീവിക്കേണ്ടിവന്നവന് സ്വന്തം വീണ്ടെടുപ്പിന്റെ നിലപാട് തറ ഭാഷതന്നെയായിരുന്നു. സ്വന്തം പ്രയോഗങ്ങളും നാട്ടുശീലങ്ങളും രൂപകങ്ങളും കവിതയിൽ ഉയർത്തി പ്രതിരോധിക്കുന്നത് മനോജിലും ജോസഫിലും നാം കാണുന്നു. ജോസഫിനെക്കാൾ അത് പ്രകടം മനോജിന്റെ കവിതകളിലാണ്.

002 എടുത്തത് പത്തെണ്ണവാ ഇരിക്കുന്നെ
അടിച്ചില്ല
523 എടുത്തോ ഇന്നടിക്കുന്നൊറപ്പാ
975 ന് നാപ്പതിനായിരമടിച്ചു.

നാല് ര്രൂപപ്പലിശക്ക് കൊടുത്തു
കയ്യിവെച്ചാ ഇരിക്കുകേല...

(ബാർബർ ഷോപ്പ് സംഭാഷണം , എം.ബി. മനോജ്)

എന്റെയീ ഒടല് നീ കണ്ടോ
നെഞ്ഞോലിയായിന്ന്
നീ തന്നെയല്ലെ പറഞ്ഞത്
അസുകം വന്ന് ചാകാറായപ്പോ
മനസമാതാനം കിട്ടൂന്ന് പറഞ്ഞ്
പാസ്റ്ററു വന്നു.
വീട്ടീവരുന്ന ഒരാളോട്
എറങ്ങിപ്പോന്ന് പറയുന്നതെങ്ങനാ..
തൊടല് പൊട്ടിക്കണംന്ന്
ആല്മാവിനെ കുഴീന്ന് എടുക്കണംന്ന്
തലേക്കൈവെച്ച് വെലിയ വായിൽ വിളിച്ചു...

(പതിയിരുന്ന് ന്യൂസ് പിടിക്കുമ്പോ, എം.ബി. മനോജ്)

പ്രതിരോധത്തിന് ഭാഷയും ഉപയോഗിക്കുക എന്നത് അറിയാതെ സംഭവിക്കുന്നതല്ല. പ്രതിരോധിക്കേണ്ടത് എന്ന ബോധ്യത്തിൽനിന്നുതന്നെ. ചില വാക്കുകളെ മടക്കി വിളിക്കേത് എത്ര അനിവാര്യമാണെന്നോ.. സ്വത്വ വിനിമയത്തിന് പരകായപ്രവേശം വേണ്ടെന്ന തിരിച്ചറിവും കവി പുലർത്തുന്നുണ്ട്.

തുറകളിലോ, നാട്ടിൻ പുറങ്ങളിലോ ചില വാക്കുകളുണ്ട്,
തെക്കൻ കൊല്ലൻ, കാന കമ്പിവെയിൽ എന്നിങ്ങനെ
ഒറ്റക്കേൾവിക്കോ അർഥം പറയാതെയോ
മനസിലാവില്ല
അവയ്ക്കു പകരം വാക്കുകളുമില്ല

(വാക്കുകൾ, എസ്. ജോസഫ്)

വാക്കുകളുടെ ഈ പകരം വയ്പും പ്രതിരോധത്തിന്റെ ഭാഗമാണ്

പാർശ്വവത്കൃതരുടെ അടയാളപ്പെടുത്തൽ ചില തിരുത്തലുകൾ കൂടി ആവശ്യപ്പെടുന്നുണ്ട്. ആ തിരുത്തലുകൾ അതുവരെ അധികാരത്തിന്റെ ഭാഗമായിനിന്നവർ ഉപയോഗിച്ചതിനെ പിന്തുടർന്നതിനെ മഹത്വവത്കരിക്കുന്നതിനെതിരെയാണ്. ധിക്കാരത്തിനു പുറത്തുനില്ക്കുന്നവർ, ഭാഷയിൽ, അനുഭവങ്ങളിൽ നടത്തുന്ന ഇടപെടലുകൾ ചരിത്രത്തിനുള്ള ചില ഓർമ്മപ്പെടുത്തലുകളാണ്. ഓർമ്മത്തെറ്റുകൾ തിരുത്തി സംസ്കാരിക ബഹുസ്വരതകളെ സ്വീകരിക്കുകയും അവയുടെ പ്രതിരോധങ്ങളുടെ ഭാഗമാവുകയും

ചെയ്യാനാണ് പുതു ദലിത് കവിതാഭാവുകത്വം ആവശ്യപ്പെടുന്നത്. അതു കൊണ്ടുതന്നെയാണ് ദലിത് കവിതാധാര ആക്ടിവിസത്തോട് ചേർന്നുനില്ക്കുന്നത്. തടസ്സങ്ങളേതുമില്ലാതെ അത് സഞ്ചാരഗതിയിൽ തന്നെയാണ്. മനോജും ജോസഫും ആ തുടർച്ചയിലെ കണ്ണികളും....